## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

03.04.2018-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ 6412

## മിൽമയുടെ പ്രചരണത്തിനായുള്ള പരസ്യചിത്രം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.സി. ജോർജ്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മിൽമയുടെ പ്രചരണവുമായി ബന്ധപ്പെട്ട് പാൽ കസ്റ്റഡിയിൽ എന്ന പരസ്യചിത്രം നിർമ്മിക്കുന്നതിന് ചെലവഴിച്ച ആകെ തുക എത്രയെന്ന് വിശദമാക്കുമോ; | (എ) മിൽമയുടെ പരസ്യ പ്രചരണത്തിനായി പരസ്യ ചിത്രം നിർമ്മിക്കുന്നതിന് ചിലവഴിച്ച ആകെ തുക ജി.എസ്സ്.റ്റി. കൂടാതെ 73 ലക്ഷം രൂപയാണ്. |
| (ബി) പ്രസ്തുത പരസ്യചിത്രം നിർമ്മിക്കുന്നതിന്റെ ഭാഗമായി സംവിധായകൻ ആഷിക് അബു, അഭിനേതാവ് ഫഹദ് ഫാസിൽ, ദിലീഷ് പോത്തൻ, സംഗീത സംവിധായകൻ ബിജിപാൽ എന്നിവർ പ്രതിഫലമായി എത്ര തുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (ബി) പരസ്യ ചിത്രം നിർമ്മിക്കുന്നതിന് കരാർ നൽകിയ ഏജൻസിക്ക് ആകെ തുകയായി ജി.എസ്സ്.ടി കൂടാതെ 73 ലക്ഷം രൂപ നൽകിയതിൽ 25 ലക്ഷം രൂപ ഇതിൽ പങ്കെടുത്ത അഭിനേതാക്കൾ / വിദഗ്ദ്ധർക്കുള്ള ഫീസ് ഉൾപ്പെടെയാണ്. പരസ്യ ചിത്രം നിർമ്മിക്കുന്നതിന് തിരഞ്ഞെടുത്ത ഏജൻസി ക്കാണ് തുക നൽകിയിട്ടുള്ളത്. ഓരോരുത്തർക്കും എത്ര രൂപ വീതം നൽകി എന്നതിന്റെ കണക്ക് മിൽമയിൽ ലഭ്യമല്ല. |
| (സി) പ്രസ്തുത പരസ്യചിത്രം പ്രചരിപ്പിക്കുന്നതിനും പ്രക്ഷേപണം ചെയ്യുന്നതിനുമായി ദൃശ്യമാധ്യമങ്ങൾ, സമൂഹമാധ്യമങ്ങൾ, ഇന്റർനെറ്റ്, റേഡിയോ മുതലായ മാധ്യമങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് അറിയിക്കുമോ; ഇവ ഓരോന്നിനും ചെലവഴിച്ചതും ഇനി ചെലവഴിക്കാൻ വകയിരുത്തിയിരിക്കുന്നതുമായ തുക എത്രയെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; | (സി) ഈ പരസ്യ ചിത്രം പ്രചരിപ്പിക്കുന്നതിന് പ്രധാന ടി.വി ചാനലുകളായ ഏഷ്യാനെറ്റ്, സൂര്യ.ടി.വി, മഴവിൽ മനോരമ, ഫ്ലവേഴ്സ്.ടി.വി, കൈരളി.ടി.വി, അമൃത.ടി.വി, ജയ്ഹിന്ദ്.ടി.വി, ജീവൻ.ടി.വി, കൗമുദി.ടി.വി, എഷ്യാനെറ്റ് ന്യൂസ്, മാതൃഭൂമി ന്യൂസ്, മനോരമ ന്യൂസ്, പീപ്പിൾ.ടി.വി, റിപ്പോർട്ടർ.ടി.വി, മീഡിയാ വൺ.ടി.വി, ന്യൂസ് 18 .ടി.വി, ജനം.ടി.വി, ഏഷ്യാനെറ്റ് കേബിൾ വിഷൻ, ദൂരദർശൻ, ദർശന.ടി.വി എന്നീ ടി.വി ചാനലുകളിലൂടെ ജി.എസ്സ്.ടി കൂടാതെ 2,24,45,167/- രൂപയും വനിത, ഗൃഹലക്ഷ്മി, മനോരമ ആരോഗ്യം, സ്റ്റാർ & സ്റ്റൈൽ, മാതൃഭൂമി ആരോഗ്യമാസിക, കേരള കൗമുദി ഫ്ലാഷ് മൂവീസ് എന്നീ മാസികകളിലൂടെ ജി.എസ്സ്.ടി കൂടാതെ 11,30,000/- രൂപയും ക്ലബ് എഫ്.എം, റെഡ് എഫ്.എം, റേഡിയോ മാംഗോ, റേഡിയോ മിർച്ചി, ബിഗ്.എഫ്.എം. ആൾ ഇന്ത്യ റേഡിയോ എഫ്.എം, എന്നീ എഫ്.എം. ചാനലുകളിലൂടെ ജി.എസ്സ്.ടി കൂടാതെ 18,03,472/-രൂപയും യു.എഫ്.ഒ, ക്യൂബ്, |

കാർണിവൽ, ക്ലൗഡ്സ് എന്നിവയുടെ 547 സിനിമ തീയറ്റർ സ്ക്രീനുകളിലൂടെ ജി.എസ്സ്.ടി കൂടാതെ 50,94,639/-രൂപയും ഫെയ്സ്ബുക്ക്, യൂട്യൂബ്, ക്രോസ് മീഡിയ പോസ്റ്റ് എന്നീ ഓൺലൈൻ ചാനലുകളിലൂടെ ജി.എസ്സ്.ടി കൂടാതെ 12,86,801/- രൂപയും ചെലവാക്കി പരസ്യം ചെയ്തിട്ടുണ്ട്. ഇതിന് പുറമെ ഹോർഡിംഗ് ബോർഡുകൾ, വെഹിക്കിൾ ബോർഡുകൾ എന്നിവയും വഴി പ്രചരണം നടത്തിയിട്ടുണ്ട്. ഈ പരസ്യ ക്യാമ്പയിനായി ഇനിയും കൂടുതൽ തുക വകയിരുത്തിയിട്ടില്ല.

| | | | |
|---|---|---|---|
| (ഡി) | വിതരണത്തിനായി മിൽമ ഉത്പാദിപ്പിക്കുന്ന പാൽ സർപ്ളസ് ആണോയെന്ന് വിശദമാക്കുമോ? | (ഡി) | മിൽമയുടെ മലബാർ മേഖലാ യൂണിയനിൽ വേനൽ ക്കാലമായ ഇപ്പോൾ തന്നെ പ്രതിദിനം ഏകദേശം 45000 ലിറ്റർ പാൽ അധികമായി ഉണ്ട്. എറണാകുളം മേഖലാ യൂണിയനിൽ സംഭരണവും വിതരണവും തമ്മിൽ വലിയ അന്തരവും ഇല്ല. മലബാർ മേഖലാ യൂണിയനിൽ അധികം വരുന്ന പാൽ തിരുവനന്തപുരം, എറണാകുളം മേഖല യൂണിയനുകൾക്ക് നൽകുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്. വരുന്ന മഴക്കാലമായ മെയ് മുതൽ ആഗസ്റ്റ് വരെയുള്ള കാലത്ത് പാൽ സംഭരണം വിതരണത്തെക്കാൾ വളരെ കൂടുതലായിരിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**